# അനുഭവങ്ങൾ

42



ജെറോം

# അനുഭവങ്ങൾ

L
92

ജെറോം

1946 / S. J. Press, / Mannanam.

Cum permissu superiorum.

കുസുമങ്ങൾ No. 42.

l/92
S.H. SCHOLASTICATE CHANGANACHERRY CHETHIPUZHA

# അനുഭവങ്ങൾ

I

മലയോരത്തിലെ കൊച്ചരുവിപോലെ ആലീസ് വിദ്യാലയത്തിൽനിന്നും വീട്ടിലേക്കു കുതിച്ചു.

നീലവാനിടത്തിൽ വെള്ളിമേഘങ്ങൾ തുള്ളിക്കളിക്കുകയായിരുന്നു. അന്തിക്കതിരവൻ അവയുടെ കവിൾത്തടങ്ങളെ ചന്തം തുളുമ്പുന്ന വിധം തുടിപ്പിച്ചു.

"ദേ, എനിക്കു കിട്ടിയ സമ്മാനങ്ങളാ!"

മൂന്നു സ്വർണ്ണമെഡലുകൾ ആലീസ് മാതാവിൻെറ മുമ്പിൽ നിരത്തി. ആ മാതൃഹൃദയം സന്തോഷംകൊണ്ടു തിരതല്ലി.

"ഓട്ടത്തിനു കിട്ടിയ സമ്മാനമാ ഇതു്."

അവൾ ഒരു മെഡൽ കൈയിലെടുത്തു താലോലിച്ചു.

"വേദപാഠത്തിനു കിട്ടയതേതാ?"

അവളുടെ മാതാവ് അന്വേഷിച്ചു. വേറൊരു മെഡൽ അവൾ മാതാവിൻെറ കൈകളിലേക്കു നീട്ടി. സഹർഷം ആ സ്ത്രീ അതു വാങ്ങി; വീണ്ടും വീണ്ടും അതിൽ സൂക്ഷിച്ചുനോക്കി. മാതാവിൻെറ സംതൃപ്തിപോലെ ആ മെഡലിൻെറ സൌവർണ്ണ്യവും പ്രതിഫലിച്ചു!

"ഇതാണമ്മേ, പരീക്ഷയിൽ ഒന്നാമതു ജയിച്ചതിനു കിട്ടിയതു്."

ആലീസിൻെറ സ്വരം സന്തോഷാധിക്യത്താൽ ഉയൎന്നു. വേറൊരു മുറിയിൽ ഏതോ പുസ്തകം വായിച്ചുകൊണ്ടിരുന്ന പിതാവിനെ അങ്ങോട്ടാകർഷിക്കാൻ ആ സ്വരം പൎയ്യാപ്തമായിരുന്നു.

"മോളേ, നിനക്ക കിട്ടിയ സമ്മാനങ്ങളൊക്കെ എവിടെ?"

ചാക്കോച്ചൻെറ മുഖം പുത്രിയുടെ വിജയത്തിൽ മന്ദസ്മിതസുന്ദരമായി. മാതാവിൻെറ കൈയിലിരുന്ന മെഡൽ അവൾ വാങ്ങി. എല്ലാംകൂടെ പിതാവിൻെറ കൈകളിൽ സമർപ്പിച്ചു.

"മോളേ, ഓട്ടത്തിനു കിട്ടിയതേതാ?"

"ഇതാ"

അതിൽ ഒരെണ്ണം അവൾ നിർദ്ദേശിച്ചു.

"ഒന്നാം സമ്മാനമല്ലേ?"

"അതേ"

"എത്ര പേരുണ്ടായിരുന്നു ഓടാൻ?"

"ഒത്തിരിയൊണ്ടായിരുന്നെൻെറ അപ്പച്ചാ!"

"ഒത്തിരിയെന്നു പറഞ്ഞാൽ?"

ചാക്കോച്ചൻ സംഗതിയുടെ സൂക്ഷ്മതയിലേക്ക കൊച്ചു മകളെ നിയന്ത്രിച്ചു.

"അയ്യോ, പത്തിരുപതുപേരൊണ്ടായിരുന്നു"

"കൃത്യം പറയടീ, മോളേ. പതിനഞ്ചുപേരുണ്ടായിരുന്നോ"

"പതിനഞ്ചെല്ലേ!"

"പതിനേഴുണ്ടായിരുന്നോ?"

"ങ്ഹും"

അഗ്രഹിച്ചിടത്തോളം സൂക്ഷ്മത മകളിൽനിന്നു ലഭിച്ചു കഴിഞ്ഞപ്പോൾ ചാക്കോച്ചൻ പരമസംതൃപ്തനായി. ആ സംതൃപ്തിയോടുകൂടെ അയാൾ മകളെ കോരിയെടുത്തു. അവളുടെ ഇളംകവിളുകളിൽ അയാൾ ചുംബനങ്ങൾ ചാർത്തി. മെഡലുകളോരോന്നും അവളുടെ ഉടുപ്പിൽ അയാൾ അണിഞ്ഞു; ചന്തമായില്ലെന്നു കണ്ടു പിന്നെയും പിന്നെയും ഊരി മററു വിധത്തിൽ അണിഞ്ഞുനോക്കി. അവസാനം അയാൾ ഏതാണ്ടു സംതൃപ്തിപ്പെട്ട മട്ടായി. എങ്കിലും വേണ്ടിടത്തോളം മേന്മവന്നിട്ടില്ലെന്ന് ഹൃദയത്തിൽ അയാൾ പിറുപിറുത്തു. എത്രമാത്രം പിറുപിറു

ത്താലും, മകളെ മാറോടുചേർത്തു വീണ്ടും വീണ്ടും ചും ബിക്കാതിരിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല.

ഭർത്താവിൻെറ ഈ പരിലാളനകൾ ഭാര്യ സകൗതുകം കണ്ടുനിന്നു. അതിൽ അവളുടെ ഹൃദയവും കുളുർത്തു. ആ കുളുർമ്മയിൽക്കൂടെ അവൾക്കനുഭവപ്പെട്ടതു ജഗന്നിയന്താവിൻെറ വാത്സല്യം ആയിരുന്നു — സ്വപുത്രിക്ക് അത്രയൊക്കെയും സാധിച്ചു കൊടുത്ത സർവ്വേശ്വരൻെറ സർവ്വ വാത്സല്യം.

"കുഞ്ഞേ, ഈ മെഡലുകളെല്ലാം ഉണ്ണിയീശോയ്ക്കു കൊണ്ടുകൊടുത്തിട്ടുവാ."

ആ ദൈവഭക്ത പുത്രിയെ ഉപദേശിച്ചു.

"ഉണ്ണിയീശോ! എൻെറ നല്ല ഉണ്ണിയീശോ!"

അലിസു് ദൈവകീർത്തനം പാടി, ഉണ്ണിയീശോയുടെ രൂപത്തിൻെറ സമീപത്തേക്കു പാഞ്ഞു.

"വേണ്ടാ; അലീസിനു കിട്ടിയ സമ്മാനങ്ങളെല്ലാം എൻെറ മേശപ്പുറത്തു വയ്ക്കണം!"

ചാക്കോച്ചൻ അഭിമാനപുരസ്സരം നിരോധനാജ്ഞ നൽകി. എന്നാൽ അതു കേൾക്കുവാൻ ഉണ്ണിയീശോയുടെ പ്രണയിനി തിരിഞ്ഞുനിന്നില്ല.

"ലിസീ!"

ചാക്കോച്ചൻ ഭാര്യയെ പ്രേമമസൃണമായി സംബോധന ചെയ്തിട്ടു തുടർന്നു:

"കണ്ടോ, നമ്മുടെ അലീസിനു കിട്ടിയ സമ്മാനങ്ങളെല്ലാം."

"കണ്ടു; നേരത്തേ തന്നെ കണ്ടു."

അവൾ പുഞ്ചിരി തൂകി. ഭർത്താവിൻേറതിനേക്കാൾ കൂടുതൽ അഭിമാനത്തിനു താനാണവകാശിനി എന്നായിരുന്നു ആ പുഞ്ചിരിയുടെ സാരം. അതു മനസ്സിലായപ്പോൾ ചാക്കോച്ചൻെറ അഭിമാനം അല്പം അയയുകതന്നെ ചെയ്തു.

"എന്നിട്ടെന്താ ലിസി ഒന്നും പറയാത്തതു്?"

"എന്തു പറയാനാ? എല്ലാം ദൈവം നൽകിയ മേന്മ മാത്രം. അതെല്ലാം ദൈവത്തിനുതന്നെ ഇരിക്കട്ടെ."

ചാക്കോച്ചന്റെ അഭിമാനം കുറേക്കൂടെ അയഞ്ഞു.

"എങ്കിലും നമുക്ക് അനുഭവിക്കുവാനല്ലേ ഈ മേന്മകൾ നൽകിയിരിക്കുന്നതു്?"

അയാൾ വീണ്ടും ചോദിച്ചു.

"അതേ. എന്നാൽ ദൈവം അനുവദിക്കുന്നിടത്തോളം കാലം മാത്രമേ അതനുഭവിക്കുവാൻ നമുക്കവകാശമുള്ളു. ആ കാലം ക്ലിപ്തമല്ലാത്തതിനാൽ നമുക്ക് അതിൽ അഭിമാനിക്കുവാൻ വകയില്ല"

ഭാര്യയുടെ യുക്തിയുക്തമായ സംഭാഷണം അയാൾ സശ്രദ്ധം ശ്രവിച്ചു. അതിൽ എതിരു പറയുവാൻ അയാൾക്കു കഴിവുണ്ടായിരുന്നില്ല. സമ്മതലക്ഷണമായി അയാൾ മൌനം അവലംബിക്കുകമാത്രം ചെയ്തു.

ഉണ്ണിയീശോയുടെ രൂപത്തിൽ ആലീസ് മെഡലുകൾ അണിഞ്ഞ ഏതാനും നിമിഷങ്ങൾ മുന്നോട്ടു കടന്നു. ലിസി ഭർത്താവിനോടു ചോദിച്ചു:

"ആ മെഡലുകളിൽ ഏതിനാണു കൂടുതൽ വില കല്പിക്കേണ്ടതു്?"

"തൂക്കി നോക്കിയാലറിയാം"

ഭർത്താവിന്റെ കുയുക്തിയോ അജ്ഞതയോ ഭാര്യയെ വല്ലാതെ വേദനിപ്പിച്ചു. ആ വേദനയോടുകൂടി ഭർത്താവിനെ അവൾ തെററിൽനിന്നും ശരിയിലേക്കു തിരിക്കുകയായി:

"ലോഹത്തിന്റെ വിലയല്ല; ഏതിനാണു കൂടുതൽ സ്ഥാനമുള്ളതെന്ന്?– ഏതാണു കൂടുതൽ മാഹാത്മ്യത്തിനു കാരണമെന്ന്?"

കുറേ ആലോചിച്ചശേഷം അയാൾ പ്രതിവചിച്ചു:

"ഓട്ടത്തിനു കിട്ടിയതു്"

"അതിന്റെ കാരണം?"

ഭർത്താവിന്റെ യുക്തിയേ ഭാര്യ ചോദ്യംചെയ്തു.

"ഇക്കാലത്തു ഫിസിക്കൽ എഡ്യൂക്കേഷനാണു കൂടുതൽ സ്ഥാനമുള്ളതു്. വളരെ അറിവുണ്ടെങ്കിലും ശരീരം നശിച്ചാൽ അറിവും നശിച്ചില്ലേ?"

"ശരിയാണ്; എന്നാൽ ഒരു പടികൂടെ കടന്ന് ആലോചിക്കേണ്ടിയിരുന്നു."

"അങ്ങ്ഹം! എന്നാൽ ലിസിയുടെ അഭിപ്രായം ഒന്നു കേൾക്കട്ടെ."

"വേദപാഠത്തിനു കിട്ടിയ മെഡലിനാണു കൂടുതൽ സ്ഥാനം!"

"ഛേ! നോൺസെൻസ്!"

ചാക്കോച്ചൻ തട്ടിവിട്ടു. ലിസി ഗൌരവത്തോടുകൂടി തുടൎന്നു:

"ലോകംമുഴുവൻ നേടിയാലും, ആത്മാവു നശിച്ചാൽ എന്തു ഫലം? ഓട്ടത്തിനു ജയിച്ചാലും, പരീക്ഷയിൽ ഒന്നാംസ്ഥാനം ലഭിച്ചാലും, ആത്മാവു നശിക്കുകയാണെങ്കിൽ, ഓട്ടമെവിടെ? പരീക്ഷയെവിടെ? ആത്മാവിനെ നശിപ്പിക്കാതിരിക്കാൻ—ദൈവവരപ്രസാദത്താൽ അതിനെ പരിപോഷിപ്പിക്കാൻ—കഴിയുന്ന ഏക തന്ത്രമാണു വേദപാഠം. ഇക്കണ്ട ശാസ്ത്രജ്ഞന്മാരാരും അതിനു പററിയ ഒരു യന്ത്രം കണ്ടുപിടിച്ചിട്ടില്ല. അതിനാൽ വേദപാഠത്തിനു ലഭിച്ച സമ്മാനം തന്നെയാണു പ്രഥമവും പ്രധാനവും.

II

ഒരു ബി. എ. ക്കാരനായിരുന്നു ചാക്കോച്ചൻ. വെറും സ്കൂൾഫൈനൽ ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം മാത്രമേ അയാളുടെ സഹധൎമ്മിണിക്കു ലഭിച്ചിരുന്നുള്ളു. എങ്കിലും ചാക്കോച്ചന്റേതിനേക്കാൾ പാകത വന്നതായിരുന്നു ലിസിയുടെ അന്തരംഗം.

കുലീനമായ കുടുംബത്തിൽ ജനിച്ചു; ഭക്തരായ മാതാപിതാക്കളുടെ കണ്ണിലുണ്ണിയായി വളൎന്നു; കന്യകാമഠത്തിൽ പഠിച്ചു—അങ്ങനെയുള്ള ഒരു ജീവിതചൎയ്യ ലിസിയുടെ പിന്നിലുണ്ടായിരുന്നു. മഹത്തായ ആ ജീവിതചൎയ്യയുടെ പ്രകാശം അവളിൽ തട്ടിത്തിളങ്ങി. ആദൎശസുന്ദരമായ അവളുടെ സ്ത്രീത്വത്തിൽ ആ തിളക്കം ലയിച്ചു.

ശരൽക്കാലത്തിലെ വെള്ളിമേഘംപോലെയാണു ലിസിയുടെ ഹൃദയം. യാതൊരു കറുപ്പോ കരടോ അതിനെ കളങ്കപ്പെടുത്തിയില്ല. തികഞ്ഞ ഈശ്വരഭയവും, ഉറച്ച മതബോധവും ആ അബലാഹൃദയത്തിൻെറ വിശിഷ്ടതകളായിരുന്നു. ആ വിശിഷ്ടതകളോടുകൂടി മുന്നോട്ടു നീങ്ങിയപ്പോൾ അവളുടെ ജീവിതം ത്തുലോം ഉൽകൃഷ്ടമായി.

അങ്ങനെ ഉൽകൃഷ്ടതയിലെത്തിയ അവളുടെ ജീവിതം പുഷ്പിച്ചു. ഒരു പൂമാത്രമെ അതിൽ പൊട്ടിച്ചുള്ളു. ആ കമനീയകുസുമമായിരുന്നു അലീസ്. പിന്നെയും പുഷ്പിക്കുവാൻ അവളുടെ ജീവിതത്തിനു കഴിയുമായിരുന്നു. അതിന്നായി അവൾ നിരന്തരം പ്രാർത്ഥിച്ചു. ആ പ്രാർത്ഥന കേൾക്കുവാൻ കരുണാനിധിയായ കർത്താവിനെ അവൾ ഹൃദയത്തിലേക്കു ക്ഷണിച്ചു.

"അലിസിന്ന് ഒരു കൊച്ചനിയനോ കൊച്ചനിയത്തിയോകൂടെ ഉണ്ടായിരുന്നെങ്കിൽ!"

എത്രമാത്രം ആശയോടും ആനന്ദത്തോടുംകൂടെയാണു ലിസി ചിന്തിച്ചതു്! എത്രമാത്രം പുളകങ്ങളാണു് ആ ചിന്തയിൽ അവളുടെ ആത്മാവിനെ പൊതിഞ്ഞതു്!

അലീസിൻെറ ജനനത്തിനുശേഷവും അസ്സൂസിരിയുടെ വിരിമാറിൽ അദിത്യൻ അനേകായിരം തവണ ചുംബനങ്ങൾ ചാർത്തി. അതിനകം അഞ്ചുമാറും ആറുമക്കിടാങ്ങളുടെ അമ്മമാരാകുവാൻ പല സ്ത്രീകൾക്കും കഴിഞ്ഞു. എങ്കിലും അലീസിൻെറ മാതാവിനു ഭാഗ്യമുണ്ടായിരുന്നില്ല ഒന്നുകൂടെ പ്രസവിക്കുവാൻ. ആ ഭാഗ്യത്തിനായി അവൾ വീണ്ടും വീണ്ടും പ്രാർത്ഥിച്ചു — ഹൃദയം തുറന്നുതന്നെ പ്രാർത്ഥിച്ചു. എന്നാൽ!— ഹാ! വെറും നിരാശ! നിശിതമായ നിരാശ!

എങ്കിലും അവൾ പിറുപിറുത്തില്ല, ജഗന്നിയന്താവിൻെറ നേരേ. അത്ര ഔൽകൃഷ്ട്യ സമ്പന്നമായിരുന്നു അവളുടെ സുശിക്ഷിതമായ മനസ്സാക്ഷി. ആ മനസ്സാക്ഷി അവളെ ഉപദേശിച്ചു, സർവ്വേശ്വരൻ അരുളിയതു

കൊണ്ടു സംതൃപ്തിയടയുവാൻ– അതിന്റെ ക്രൂരതകളെ പ്പറ്റി ചിന്തിക്കാതിരിക്കുവാൻ!

മനസ്സാക്ഷിയുടെ ആ പ്രചോദനം അവളെ ഈ ശ്വരചിന്തയിലേക്കു നയിച്ചു:

"സർവ്വേശ്വരനു സ്തുതി! ആകാശങ്ങളിൽ മഹത്വ
പ്പെടുന്ന സർവ്വേശ്വരനു സ്തുതി! ഈ ഏഴയും ക
ർത്താവേ! അങ്ങേ സ്തുതിക്കട്ടെ!"

അവൾ നെടുതായി ഒന്നു നിശ്വസിച്ചു.

അവളുടെ നയനങ്ങൾ അകലത്തിൽ പതിഞ്ഞു. അവിടെയെല്ലാം അവൾ കണ്ടു, പാടിപ്പറക്കുന്ന പക്ഷികളെയും, ഓടിക്കളിക്കുന്ന മൃഗങ്ങളെയും, ചാടിക്കുതിക്കുന്ന കുല്യകളെയും. അവളുടെ ഹൃദയം ചിന്തയിലേക്കു മാറി നിന്നു. സൃഷ്ടികൾ സൃഷ്ടികർത്താവിനെ സ്തുതിക്കുന്ന രംഗങ്ങൾ അവളുടെ ഹൃദയത്തെ കുളിരണിയിച്ചു. ദൈവരാജ്യത്തിന്ന് അവളെ അവകാശിനിയാക്കുന്നതായിരുന്നു ആ കുളുർമ്മ. "എങ്കിലും അവൾ സന്തപിച്ചു, എത്രയോ ഹൃദയമില്ലാത്തവരുണ്ട് ദൈവമഹത്വത്തെ അറിയാത്തവരെന്ന്!

അലിസ് അവളുടെ തങ്കക്കുടമായിരുന്നു'– ഈശ്വരൻ നൽകിയ തങ്കക്കുടം! അവൾ സദാ ജാഗരൂകയായി, ആ തങ്കക്കുടത്തിൽ ദൈവഭക്തിയും മതബോധവും പകരുവാൻ.

മാതാവിന്റേതിനോടുചേർന്ന ഒരുൽകൃഷ്ടത്വം അലിസിന്റെ ജീവിതത്തെയും സ്പർശിച്ചു. അതിനു മാത്രമായിരുന്നു ആ മാതാവു കൊതിച്ചതും. അത്ര്യമാത്ര്യം അവൾ മകളെ നിഷ്കർഷിച്ചിരുന്നു, രാത്രിയിൽ വേദപുസ്തകങ്ങൾ വായിക്കുവാൻ. പിന്നെപ്പിന്നെ അലീസിന്ന് ഉറക്കം വരികയില്ലെന്നായി, വേദപുസ്തകങ്ങൾ വായിച്ചില്ലെങ്കിൽ!

നിത്യവും ദൈവാലയത്തിൽപോകുന്നതിനും ദിവ്യപൂജ കാണുന്നതിനും അലീസ് അതീവതല്പരയായിരുന്നു. അവൾ വാവിട്ടുകരയും, ഒരു ദിവസം ദിവ്യപൂജ കാണുവാൻ കഴിയാതിരുന്നാൽ. അതുതന്നെ അശ്വസിപ്പി

S. H. SCHOLASTICATE, CHETHIPUZHA, CHANGANACHERRY

ച്ചാലും അവളുടെ സങ്കടം ശമിക്കുകയില്ല. അത്തയായി അവൾ അമ്മയോടു ചോദിക്കും. അന്നു ദിവ്യപൂജ കാണാതിരുന്നതു പാപമാണോ എന്ന്.

"അല്ല കുഞ്ഞേ; പാപമല്ല. നിവൃത്തിയില്ലാതിരുന്നതിനാലല്ലേ? അതു പാപമാകുകയില്ല".

അമ്മയുടെ ആശ്വാസവചനങ്ങളിൽ അവൾക്കു വിശ്വാസമായില്ല. വീണ്ടും ദീനയായി അവൾ അന്വേഷിച്ചു:

"അമ്മേ, പാപമാണെങ്കിൽ തമ്പുരാൻ പൊറുക്കുമോ?"

"മകളേ തീർച്ചയായും!"

പല കഥകളും മാതാവിനു മകളെ കേൾപ്പിക്കുവാനുണ്ടായിരുന്നു—മഗ്ദലേനായുടെയും മററും കഥകൾ. ആ കഥകളെല്ലാം കേട്ടുകഴിഞ്ഞപ്പോൾ ആലീസിന് ആശ്വാസമായി.

അടുത്ത പള്ളിയിലെ വൈദികൻെറ പ്രസംഗങ്ങളും ഉപദേശങ്ങളും കേൾക്കുവാൻ ആലീസ് കുതുകിയാണ്. പലപ്പോഴും അവൾ അദ്ദേഹത്തിൻെറ അടുത്തുചെല്ലും.

"മകളേ, നാമൊക്കെ ദൈവത്തിനുവേണ്ടിയുള്ളവരാണ്."

എന്നിങ്ങനെ അദ്ദേഹം അവളെ ഉപദേശിക്കും. നല്ല നല്ല പുസ്തകങ്ങളും അദ്ദേഹം അവൾക്കു വായിക്കുവാൻ കൊടുത്തു.

"ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്— പരമമായ ഒരു ലക്ഷ്യം, നിത്യചൈതന്യത്തിൽ ലയിക്കുക എന്ന്"

ആലീസ് ഗ്രഹിച്ചു. പലരോടും അവൾ അതു പറഞ്ഞു. പള്ളിക്കൂടത്തിൽ കൂട്ടുകാരോടു പറയാൻ അവൾക്കുണ്ടായിരുന്നതും അതുതന്നെ. അതിന് ഉപോൽബലകമായിട്ടുള്ള വേദകഥകളും അവൾ പ്രസ്താവിക്കും. അവയെല്ലാം അവൾക്കു നന്നായി അറിയാം.

ആലീസിൻെറ ഈ വേദപ്രസംഗം ചില കൂട്ടുകാരിൽ വിരസത ജനിപ്പിച്ചു. അവർ അവളെ വിളിച്ചു "കൊച്ചുപുണ്യവതി" എന്ന്. ആദ്യം ആ പരിഹാസത്തിൽ

അവൾക്കു സങ്കടംതോന്നി. വിവരം മാതാവിനെ സങ്കട സമേതം അവൾ അറിയിച്ചു. ആ ദൈവഭക്ത അവളെ ഉപദേശിച്ചാശ്വസിപ്പിക്കയാണ്.

"അതിനെന്തു്? നല്ല പേരല്ലേ? എത്രയോ വലിയ ഭാഗ്യമാണതു കൊച്ചുപുണ്യവതിയായിത്തീർന്നാൽ!"

കൂട്ടുകാരുടെ ആക്ഷേപം അലീസിനു പിന്നെ അഭിമാന കാരണമായി തോന്നി. ആ അഭിമാനത്തോടുകൂടി അവൾ അവരെ അറിയിച്ചു:

"എത്രയോ വലിയ ഭാഗ്യമായിരുന്നു, എനിക്കൊരു പുണ്യവതിയാകാൻ കഴിയുമെന്നെങ്കിൽ!"

"ഓഹോ! കഴിയും കഴിയും."

അവർ കൈകൊട്ടിച്ചിരിച്ചു. എന്നാൽ അലീസ് അതിൽ വ്രണപ്പെട്ടില്ല. അണിഞ്ഞിരുന്ന സ്വർണ്ണമാലയിലെ കുരിശെടുത്തു് അവൾ ചുംബിക്കുകമാത്രം ചെയ്തു.

സ്കൂൾ അധികാരികളായിരുന്ന "സഹോദരികൾ" "കൊച്ചുപുണ്യവതി"യെ മനസ്സിലാക്കി. അവളുടെ ഭക്തി പാരമ്യത്തിൽ അവർ സന്തുഷ്ടരായി. നല്ല നല്ല സമ്മാനങ്ങൾകൊടുത്തു് ആ കൊച്ചുഭക്തയെ അവർ ഓമനിച്ചു.

"അലീസേ, നീ ദൈവത്തിൻെറ കുഞ്ഞുമകളാണു്— ദൈവത്തിനുവേണ്ടിയുള്ള കുഞ്ഞുമകളാണ്. ദൈവംതന്ന ജീവിതത്തെ ദൈവത്തിനുവേണ്ടിത്തന്നെ നീ വിനിയോഗിക്കണം. ജീവിതത്തിൻെറ സേവന കുസുമങ്ങൾ മാലകെട്ടി സർവ്വേശ്വരൻെറ തൃച്ചേവടികളിൽ നീ സമർപ്പിക്കണം. അങ്ങനെ നിൻെറ ജീവിതത്തെ നീ സുന്ദരമാക്കണം."

ആ "സഹോദരികൾ" അവളെ ഉപദേശിച്ചു.

"എന്നെയും എൻെറ ജീവിതത്തെയും ഞാൻ ഉണ്ണിയീശോയ്ക്കു സമർപ്പിക്കും."

അവൾ സാഭിമാനം പറഞ്ഞു.

അന്തരീക്ഷത്തിൻെറ അനന്ത വിസ്തൃതയിൽ ഒരു മഴവില്ലു തെളിഞ്ഞു, അവളുടെ വാഗ്ദാനത്തെ മോദം ചെയ്യുവാൻ.

"ഹാ മഴവില്ലേ!"

അവൾ ഉദീരണം ചെയ്തു:

"നിന്നിൽ മുററി മുററി നില്ക്കുന്ന ഈശ്വരചൈതന്യം! അതിൽ നിനക്കുള്ള ഭാഗ്യം! ആ ഭാഗ്യം എനിക്കു ലഭിച്ചെങ്കിൽ!— ഇത്രയും ഈശ്വരചൈതന്യം എന്നിലും തെളിഞ്ഞെങ്കിൽ!— എൻെറ കത്താവേ! – – "

അവളുടെ പ്രാൎത്ഥന ദിഗന്തങ്ങളിൽ മാറെറാലികൊണ്ടു.

പശ്ചിമ ചക്രവാളത്തിനു മുകളിൽ അന്തിവാനിടം ചിലപ്പോൾ ചന്തം ചുളുമ്പും. അതു കാണുമ്പോൾ പൃച്ഛ പർവ്വതത്തിൻെറ കൊടുമുടികൾ അഭിമാനംകൊണ്ടു പുളയുകയാണു്! അഭിമാനം!— അന്ധമായ അഭിമാനം!— അൎത്ഥമില്ലാത്ത അഭിമാനം! അതു സ്വൎഗ്ഗീയാനുഭൂതികളിൽനിന്നു നാരകീയ യാതനകളിലേക്കു കുതികൊള്ളുന്നു, ലൂസിഫേറിൻെറയും അനുചരന്മാരുടെയുംകൂടെ!

ആട്ടം, ചാട്ടം, പാട്ടു, പഠനം — ഇവയിലെല്ലാം അലിസ് പ്രഥമസ്ഥാനംതന്നെ കരസ്ഥമാക്കി. പലപ്പോഴും പല സമ്മാനങ്ങളും പള്ളിക്കൂടത്തിൽനിന്നും അവൾ കൊണ്ടുവന്നു. അവയെല്ലാം കാണുമ്പോൾ ചാക്കോച്ചൻെറ അഭിമാനം ഹസ്തദാനം മുഴക്കി. മകളുടെ വിജയ വിവരങ്ങളെല്ലാം അയാൾ സൂക്ഷ്മമായി ചോദിച്ചു മനസ്സിലാക്കും. ആ വിവരങ്ങളെല്ലാം ഇടുങ്ങിയടഞ്ഞ മനസ്സിൻെറ കോണുകളിലും, സമ്മാനങ്ങളെല്ലാം തുറന്നുവിടന്ന അലമാരിയുടെ കള്ളികളിലും അയാൾ സംഭരിച്ചു. ആരുടെയുംമുമ്പിൽ ആ വിവരങ്ങളും സമ്മാനങ്ങളും അയാൾ എടുത്തുനിരത്തും. അങ്ങനെ നിരത്തിക്കഴിയുമ്പോൾ അയാൾക്കു നിത്യനിർവ്വതി ലഭിച്ച അനുഭവമാണു്! മകളുടെ ധീരവീരപരാക്രമങ്ങളേക്കുറിച്ചുള്ള അയാളുടെ കഥാപ്രസംഗത്തിനു കേൾവിക്കാർ 'യേസ്' മൂളുകയാണെങ്കിൽ ആ അനുഭവം ദശഗുണിഭവിക്കും; 'ഹിയർ' വിളിക്കുകയാണെങ്കിൽ ശതഗുണീഭവിക്കും!

മററാരെങ്കിലുമായി വീട്ടിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ചാക്കോച്ചൻ ഉറക്കെ വിളിക്കും;

"മകളേ, അലീസ്, ഇങ്ങുവന്നേ."

"എന്തോ"

അവൾ ആദരവോടെ ഓടിയെത്തും.

"അപ്പച്ചൻ എന്തിനാ വിളിച്ചതു്?"

ചാക്കോച്ചൻ അല്പം കുഴങ്ങി. പുത്രിയുടെ സൗന്ദര്യ സൌശീല്യങ്ങൾ അഗതരെ കാണിക്കണമെന്നതുമാത്രമായിരുന്നു അയാളുടെ ആഗ്രഹം. എന്തെങ്കിലും ഒരു ജോലി പുത്രിയോടു കല്പിക്കുവാൻ അയാൾക്കു കുറേ പാടുപെട്ടു് ആലോചിക്കേണ്ടി വന്നു.

ഋതുചക്രം പലവട്ടം കറങ്ങിത്തിരിഞ്ഞു. കാനനങ്ങളും പല വട്ടം സുരഭില സുന്ദരമായി പൂവണിഞ്ഞു. ആ സൌരഭ്യസൌന്ദര്യങ്ങൾ കൈവരിച്ചുകൊണ്ടു് യൗവനത്തിൻെറ ആരാധനാലയത്തിലേക്ക് അലീസ് കൂപ്പുകൈയോടേ യാത്രയായി. ആകാശഭിത്തികളെ ഭേദിച്ച് ഏതോ ദിവ്യതേജസ്സ് അവളെ ഇടയ്ക്കിടെ ഉളിഞ്ഞു നോക്കി.

അലീസിൻെറ കോമള കളേബരത്തിൽ താരുണ്യ വീചികൾ ഓളം കളിച്ചു തുടങ്ങിയതു മുതൽ അവളെ അന്യരുടെ മുമ്പിൽ അയയ്ക്കാതിരിക്കാൻ മാതാവു പ്രത്യേകം ശ്രദ്ധിച്ചു. ചാക്കോച്ചൻെറ പരിപാടിക്ക് അതു ബാധകമായിരുന്നു. ആ കനകക്കട്ടയെ അന്യരുടെ മുമ്പിൽ അവതരിപ്പിക്കേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമാണെന്നു് അയാളുടെ അഭിമാനം സിദ്ധാന്തിച്ചു. ആ സിദ്ധാന്തം അയാളെ വേറേ പരിപാടിയിലേക്കു നയിച്ചു.

മകളുടെ സൌന്ദര്യവിലാസം പരിപൂർണ്ണമായി പ്രതിഫലിപ്പിക്കുവാൻ പററിയ വിധത്തിൽ അവളുടെ കുറെ ഫോട്ടോകൾ അയാൾ എടുപ്പിച്ചു. പലതിലും പല തരത്തിലുള്ള നിലകളാണു ചിത്രിതമായിരുന്നതു്. അവയെല്ലാം അയാൾ മുറിയിൽ നിരത്തിതൂക്കി. അല്ലാതെ അയാളുടെ അഭിമാനം അടങ്ങുകയില്ലായിരുന്നുപോലും. ആരെങ്കിലും ഒന്നു ചോദിച്ചാൽ മതി, ആ ഫോട്ടോ ആരുടേതാണെന്നു്, അയാളുടെ അഭിമാനത്തിനു് അന്ധതയിൽ അർത്ഥമില്ലാതെ അലപിക്കുവാൻ!

"അലീസ്" ഇക്കൊല്ലം ജയിക്കുമോ എന്തോ?"
സംശയത്തിനു വകയില്ലാത്ത ഒരു സംശയവുമായി ലിസി ഭർത്താവിനെ സമീപിച്ചു.

"അവൾ ജയിച്ചില്ലെങ്കിൽ പിന്നെ ആരാണ് അവരുടെ ക്ലാസിൽനിന്നു ജയിക്കുന്നത്?"

അയാളുടെ പരിപൂർണ്ണ ബോദ്ധ്യം അങ്ങനെ അഭിമാനത്തിൽക്കൂടെ പ്രവഹിച്ചു.

"വരുന്ന കൊല്ലത്തെ കാര്യം?"

"കോളജിൽ ചേർക്കണം"

"കോളജിൽപോകാൻ അവൾക്ക് ആശയില്ലെന്നാണു തോന്നുന്നതു്"

"എന്തു്? കോളജിൽ പോകേണ്ടെന്നോ?"

ഉറച്ച സ്വരത്തിൽ അയാൾ തുടർന്നു;

"എല്ലാ ക്ലാസിലും ഒന്നാമതു ജയിച്ചുജയിച്ചു വന്നിട്ട് ഇനി പഠിക്കേണ്ടെന്നോ? ആരു പറഞ്ഞു?"

"മഠത്തിൽ പോകണമെന്നാ"

"അങ്ഹാ! അവളുടെ ആഗ്രഹം! മഠത്തിൽ ഞാൻ ഏതായാലും അയച്ചതാ!"

അയാളുടെ അധരങ്ങൾ വക്രിച്ചു. ഭാര്യമൂകയായിനിന്നു. സർപ്പത്തിന്റെ ഫൂൽക്കാരംപോലെ ഒരു കാററു ചീററികൊണ്ടു പാഞ്ഞു. താണസ്വരത്തിൽ ചാക്കോച്ചൻ തുടർന്നു:

"ആകർഷകമായ സൌന്ദര്യം — ആസ്വാദനീയമായ സൌന്ദര്യം — അദൃശ്യമായ സൌന്ദര്യം — അതിനെ ഒരു സന്യാസാശ്രമത്തിന്റെ നിർജ്ജീവമായ കൂരിരുൾച്ചുരുളുകളിൽ നശിപ്പിച്ചുകളയുകയോ? കൊള്ളാം! ഉചിതനായ ഒരു ഭർത്താവിനോടുകൂടെ അവളെ ചേർക്കേണ്ടതാണ് നമ്മുടെ കടമ."

ലിസി മധുരമായി പ്രതിവചിച്ചു:

"പറഞ്ഞതുപോലുള്ള ഗുണങ്ങൾ അവൾക്കു കൈതുറന്നു നൽകിയ സൃഷ്ടികർത്താവിനുതന്നെ അവളെ സമർപ്പിക്കുന്നതാണ്, വെറും സൃഷ്ടിമാത്രമായ ഒരു

മനുഷ്യനു് അവളെ സമപ്പിക്കുന്നതിലും ശ്രേഷ്ഠമായിട്ടുള്ളതു്''

"ഓ! സൃഷ്ടികർത്താവു്! എന്തു സൃഷ്ടികർത്താവു്? അങ്ങനെ നിന്നെയും സമപ്പിച്ചിരുന്നെങ്കിൽ അലീസ് ഉണ്ടാകുകപോലും ഇല്ലായിരുന്നല്ലോ."

"അതു കർത്താവിൻെറ കരുണാകടാക്ഷംമാത്രം. അല്ലാതെ മററാരുടെയും സാമത്ഥ്യമല്ല''.

ചില നിമിഷങ്ങൾ ലിസിയുടെ ആശയഗാംഭീര്യത്തിൽ ലയിച്ചു് മുമ്പോട്ടു നീങ്ങി. അയാൾ വീണ്ടും പറഞ്ഞു:

"അക്കെല്ലാടെ ഒന്നേയുള്ളു വിത്തിനു്! അതിനെ ആ തീക്കുട്ടയിലെറിഞ്ഞാൽ കുലംപോലും നശിച്ചുപോകുമല്ലോ."

"അല്ലെങ്കിൽതന്നെയും കുലം നശിക്കുകയില്ലെന്നു് ആർക്കറിയാം! എല്ലാം ഈശ്വരരഹസ്യങ്ങളിൽ! അവിടുന്നനുഗ്രഹിച്ചാൽമാത്രം --"

"വേദപ്രസംഗം ഒന്നു നിറുത്തു്."

ചാക്കോച്ചൻ കയറിപ്പറഞ്ഞു:

"ഏതായാലും എനിക്കീ ഒന്നേ ഒന്നു മാത്രമേയുള്ളൂ. അതിനെ ഞാൻ ഒരു മഠത്തിലും അയയ്ക്കില്ല!"

"ദൈവമേ!"

ലിസിയുടെ കണ്ണുകൾ കലങ്ങി.

പിതാവിൻെറ വിധി മാതാവിൽനിന്നും അലീസ് അറിഞ്ഞു. അവൾ നെഞ്ചുരുകി നെടുവീപ്പിട്ടു; കരളുരുകി കരഞ്ഞു! ആ കുരുന്നുഹൃദയം ദൈവസ്നേഹാഗ്നിയിൽ എരിപൊരികൊള്ളുകയായിരുന്നു. മാതാവിൻെറയും അകമലിയിക്കുന്നതായിരുന്നു മകളുടെ രോദനം. എന്നാൽ ആ തള്ള എന്തു ചെയ്യട്ടെ? മകളെ ആശ്വസിപ്പിക്കേണ്ട മാതാവും, ഭത്താവിനെ അനുസരിക്കേണ്ട ഭാര്യയും ആയിരുന്നു അവൾ. മാതൃത്വത്തിനും, ഭാര്യാത്വത്തിനും ഇടയിൽ പെട്ടു് അവളുടെ സ്ത്രീത്വം അരഞ്ഞരഞ്ഞവസാനിക്കുമോ എന്നവൾ ഭയന്നു. വാത്സല്യഭാജനമായ ഓമനപ്പുത്രിക്കു് സാന്ത്വനമാകുന്ന തുമധു അവൾ പകർന്നുകൊടുത്തു. എന്നാൽ അതുകൊണ്ടൊന്നും ശമിക്കുന്നതായിരുന്നില്ല,

നിത്യചൈതന്യത്തിൽ ലയിക്കുവാൻ അവൾക്കുണ്ടായിരുന്ന മോഹം.

"അപ്പച്ചാ, എനിക്കു മഠത്തിൽ പോകണം."
ഇടറിയ സ്വരത്തിൽ അവൾ അപേക്ഷിച്ചു.

"വേണ്ടാ; നീ പോയാൽ എനിക്കു പിന്നെ ആരാണുള്ളതു്?"

"അപ്പച്ചനു ദൈവവും ഞാനും അമ്മയും ഉണ്ടായിരിക്കും!"

"ദൈവം എന്റെ അടുത്തു വരുമോ?"

"വരും!"

അലീസിനു സംശയമില്ലായിരുന്നു. എന്നാൽ പിതാവിന്റെ സംശയം നീങ്ങിയിരുന്നില്ല.

"അതെങ്ങനെയാ എന്റെ അടുത്തുവരുന്നതു്?"

"ദൈവം എപ്പോഴും അപ്പച്ചന്റെക്കൂടെ ഉണ്ടായിരിക്കും"

"ദൈവം ഉണ്ടായിരിക്കും! നീ ഏതായാലും പോകേണ്ട"

"ങ്ഹും! എനിക്കു പോകണം"
അവൾ വിങ്ങിവിങ്ങിക്കരഞ്ഞു.

"നിന്നെ ഞാൻ വിടിയേലാ"
അവൾ വീണ്ടും കരഞ്ഞു.

"വിടിയേലെന്നു പറഞ്ഞില്ലേടീ"
പിതൃത്വത്തിന്റെ അധികാരശക്തി അട്ടഹാസത്തിൽക്കൂടെ പ്രവഹിച്ചു. ആ അട്ടഹാസത്തിൽനിന്നും വായുവിനു ഭവിച്ച ചലനത്തിൽ അലീസിന്റെ കുറുനിരകൾ പാറിപ്പറന്നു.

III

സ്കൂൾഫൈനൽ പരീക്ഷയിൽ അലീസ് ജയിച്ചു. അവളെ, അഞ്ചുമൈൽ വടക്കുള്ള "ജഗദാനന്ദം" കോളജിൽ ചേർക്കുവാൻ ആയിരുന്നു ചാക്കോച്ചന്റെ തീരുമാനം.

ഓമനപ്പുത്രിയെ അകലെ അയച്ചു പഠിപ്പിക്കുന്നതിൽ ലിസിക്കു വൈമനസ്യമുണ്ടായിരുന്നു. എങ്കിലും "സഹോദരികൾ" നടത്തുന്ന വല്ല കോളജിലും ആകട്ടെ എന്നു് അവൾ സമാധാനിച്ചു. എന്നാൽ "ജഗദാനന്ദം" കോളജിലാണു മകളെ അയയ്ക്കുന്നതെന്നറിഞ്ഞപ്പോൾ മാതാവിന്റെ വൈമനസ്യം വർധിച്ചു. അതൊരു ഹിന്ദു കോളജാണെന്നും സ്ത്രീപുരുഷന്മാർ അവിടെ ഒരുമിച്ചാണു പഠിക്കുന്നതെന്നും അവൾക്കറിയാമായിരുന്നു. ഭർത്താവിനെ അവൾ പല തരത്തിൽ ഉപദേശിച്ചു, മകളെ അവിടെ അയയ്ക്കാതിരിക്കുന്നതിനു്.

"നല്ല തങ്കക്കുടം പോലിരിക്കുന്ന പെണ്ണു്! അവളെ അവിടെ ചേർത്താൽ വല്ലവനും — —"

വരാവുന്ന അനുഭവങ്ങൾ ഭർത്താവിനെ ധരിപ്പിക്കുവാൻ അവൾ ശ്രമിച്ചു. അയാൾ ഒരു നിസ്സാരതയോടുകൂടി പ്രതിവചിച്ചു:

"അതൊക്കെ അവൾക്കു കാത്തുനില്ക്കാനേ ഉള്ളു."

"എങ്കിലും പെണ്ണല്ലേ?"

"ഇതുപോലെ വേറെയും ഇല്ലേ പെണ്ണുങ്ങളു്? അവരെല്ലാം കാത്തുനില്ക്കുന്നില്ലേ?"

"കാത്തുനില്ക്കുന്ന കാര്യമൊന്നും പറയേണ്ടാ"

ഭർത്താവിന്റെ യുക്ത്യാഭ്യാസത്തിൽ ഭാര്യയ്ക്കു വെറുപ്പു തോന്നി.

"മിക്സഡ് കോളജാണെങ്കിലും അവിടെയും ഉണ്ടു നിയമങ്ങളും നീതികളും."

"പെണ്ണിന്റെ മതബോധംപോലും നശിച്ചുപോകും അവിടെ പഠിച്ചാൽ!"

വേറൊരു ഭീതി അവൾ അനുഭവിച്ചു.

"മതബോധം— അതെങ്ങനെ നശിക്കാനാ? അവിടെ ഒരു മതവും പഠിപ്പിക്കുകയില്ല"

"എങ്കിലും ഒരു ഹിന്ദുകോളജല്ലേ? അതിനു തക്ക അന്തരീക്ഷം അവിടെ ഉണ്ടായിരിക്കും."

"ഏതന്തരീക്ഷം ആയാലെന്താ? അവളിൽ ഉറച്ചിരിക്കുന്ന വിശ്വാസത്തിനു മുകളിൽ വേറൊരു

വിശ്വാസം കത്തിച്ചെലുത്തുവാൻ വല്ലവർക്കും ഒക്കുമോ?"

ലിസിയുടെ വാദങ്ങളൊന്നും ചാക്കോച്ചൻെറ തീരുമാനത്തെ വ്യതിചലിപ്പിച്ചില്ല. അതിനു കാരണവുമുണ്ടായിരുന്നു.

അയാൾ പഠിച്ചതു "ജഗദാനന്ദം" കോളജിലായിരുന്നു. അന്നത്തെ ചില അദ്ധ്യാപകന്മാർതന്നെ ഇന്നും അവിടെ ഉണ്ടായിരുന്നു. അന്ന് അയാളുടെ സഹപാഠികളും സഖാക്കളും ആയിരുന്നവരാണ് മററ് അദ്ധ്യാപകന്മാരെല്ലാംതന്നെ. അവരൊക്കെയുമായി ഇന്നും അയാൾ വലിയ ചങ്ങാത്തമാണ്. അവരോടെല്ലാം അയാൾ മകളുടെ സാമർത്ഥ്യങ്ങൾ സാഭിമാനം പലപ്പോഴും പറഞ്ഞിട്ടുമുണ്ട്.

ചാക്കോച്ചനു പരിചിതമായിരുന്നു കോളജിൻെറ സമീപപ്രദേശങ്ങളെല്ലാം. അവിടെയുള്ള പലരും അയാളുടെ പരിചിതന്മാരുമായിരുന്നു. ആ പരിചിതന്മാരൊക്കെയും അയാളിൽനിന്നു ശ്രവിച്ചിരുന്നു അലീസിനെക്കുറിച്ച്.

അയാൾക്കു നേരത്തെ ഉള്ള ആഗ്രഹമായിരുന്നു സകല പരിചിതന്മാരും അലീസിനെ ഒരു കണ്ണുകാണണമെന്നതു്. അയാളുടെ അന്ധമായ വിശ്വാസം, അവരൊക്കെയും അലീസിൻെറ അനന്യസാധാരണമായ അഴകിനെ അകംകൊണ്ടെങ്കിലും പ്രകീർത്തിക്കുമെന്നായിരുന്നു! ആ വിശ്വാസത്തിൽ അയാളുടെ അത്മരററ അഭിമാനം അചലോപരി ഉയർന്നു. ആ ഉയർച്ചയിലായിരുന്നു അയാളുടെ ചക്രവത്തിത്വം!

പുത്രിയുമായി കോളജിൻെറ സമീപസ്ഥലങ്ങളിൽക്കൂടെ സഞ്ചരിക്കുമ്പോൾ അവളിൽ ശ്രദ്ധാപൂർവ്വം പതിഞ്ഞേക്കാവുന്ന കണ്ണുകളുടെ സംഖ്യ കണക്കാക്കുവാൻ അയാൾ പണിപ്പെട്ടു. കോളജിലെ പരിചിതന്മാരെല്ലാം പുത്രിയുടെ സ്വഭാവഗുണങ്ങളെയും പഠനസാമർത്ഥ്യത്തെയും പ്രകീർത്തിച്ചേക്കാവുന്ന വിധങ്ങളെ അയാൾ ആലോചിച്ചു. അയാളുടെ അഭിമാനം അപ്പോഴേയ്ക്കും കിക്കിളി

പ്പെട്ടു. അയാൾ നാലുപാടും തിരിഞ്ഞു. അരുവികൾ കിലുകിലെ ചിരിച്ചു; അലരുകൾ ആടിയകന്നു; അളികൾ അമ്പരന്നു; അംബരം വിളറി; അംബുധി അലറി. അതൊന്നും അയാൾ അറിഞ്ഞില്ല, അഭിമാനത്തിൽ അന്ധനായിരുന്നതിനാൽ!

ചാക്കോച്ചനു ഭയമുണ്ടായിരുന്നു, മകൾ സന്യാസാശ്രമത്തിൽചേർന്നു കളയുമോ എന്നു്. ആ ഭയം അയാളുടെ അഭിമാനത്തെയും ആഗ്രഹത്തെയും നിറുകയായിരുന്നു. അവളുടെ തീക്ഷ്ണമായ ഭക്തിക്കു് വ്യതിയാനം വരുത്തിയെങ്കിലേ അയാൾക്കു് ആശ്വാസമാവൂ! സന്യാസവൃത്തിയെ വെറുക്കുന്ന ഒരു മനഃസ്ഥിതിയിലേക്കു് മകളെ മാററണമെന്നു് അയാൾ ആശിച്ചു. സ്ത്രീപുരുഷന്മാർ ഒരുമിച്ചു പഠിക്കുന്ന ഒരു ഹിന്ദു കോളജിൽ പഠിക്കുവാൻ ഇടയായാൽ — — — ശുഭസൂചകമായി അയാൾ എന്തൊക്കെയോ കണ്ടു. "സഹോദരിക"ളുടെ കോളജിലാണെങ്കിൽ മകളെ തിരികെ കിട്ടുകപോലുമില്ലെന്നായിരുന്നു അയാളുടെ വിശ്വാസം.

ഒരു വെള്ളിമേഘം വടക്കോട്ടു നീങ്ങി. അതിൻെറ വെണ്മയിൽ ഹൃദയാകൃഷ്ടനായി ചാക്കോച്ചൻ നോക്കിനിന്നു. അധികം കഴിയുന്നതിനുമുമ്പായി അതിൻെറ നിറം മങ്ങി. ആ മങ്ങൽ കാർവർണ്ണമായി! ക്ഷണം അതു കറുത്തു കരിവാളിച്ചു! അയാളുടെ കണ്ണുകൾ ഭയന്നടഞ്ഞു.

"അലീസിനെഹിന്ദുകോളജിലാണോഅയയ്ക്കുന്നത്?" അടുത്തുള്ള പള്ളിയിലെ വൈദികൻ ചാക്കോച്ചനോടു ചോദിച്ചു.

"അതേ."

"അതു മോശമാണു്."

"മോശമൊന്നുമല്ല; ഞാൻ അവിടെ പഠിച്ചതല്ലേ"

"ഏതായാലും അത്ര നന്നല്ല."

"അച്ചാ, പ്രിൻസിപ്പാളും പ്രഫസ്സറന്മാരും എൻെറ കൂട്ടുകാരാണു്. അവരെല്ലാം പ്രത്യേകം ശ്രദ്ധിച്ചുകൊള്ളും"

"അവരെല്ലാം ശ്രദ്ധിച്ചാലും "ജഗദാനന്ദം" കോള

ജിൽ ആലീസിനെ അയയ്ക്കരുതെന്നേ എനിക്കു പറയാനുള്ളൂ. ഇനി നിങ്ങളുടെ ഇഷ്ടം."

അന്ധമായ അഭിമാനത്തിന്റെ നിരത്ഥത്തിൽ, അച്ഛന്റെ ഉൽബോധനവും അർത്ഥമില്ലാതായി ചാക്കോച്ചനുതോന്നി.

ആലീസിനു് അശേഷം മനസ്സില്ലായിരുന്നു, "ജഗദാനന്ദം" കോളജിൽ പഠിക്കുവാൻ. എങ്കിലും പിതാവിനോട് അതീതമായ ഭക്തിയും ബഹുമാനവും അവൾക്കുണ്ടായിരുന്നു. അയാളുടെ നിശ്ചയത്തോടെതിർക്കുവാൻ അവൾ തുനിഞ്ഞില്ല.

വത്സലയായ മാതാവിന്റെ വളരെ വളരെ ഉപദേശങ്ങൾ യാത്രയ്ക്കു മുമ്പായി അവൾക്കു ലഭിച്ചു. അവയെല്ലാം ആദരവോടേ അവൾ ഹൃദയത്തിൽ പാകി.

ഒട്ടധികം വേദപുസ്തകങ്ങളും, കുരിശു, കൊന്ത തുടങ്ങിയ ഭക്തസാധനങ്ങളും, ഉണ്ണിയിശോയുടെ ഒരു രൂപവും അവൾ മററു സാധനങ്ങളുടെക്കൂടെ കരുതി. എല്ലാം ഒരുങ്ങിക്കഴിഞ്ഞപ്പോൾ അഭിമാനിയായ അവളുടെ പിതാവ്, സംതൃപ്തിയിൽ നിന്നുണ്ടായ ഒരു സുസ്മേര സുന്ദരത്വത്തോടുക്കൂടി പുത്രിയോടു പുറപ്പെടുവാൻ താല്പര്യപ്പെട്ടു.

ആലീസിന്റെ ജീവിതത്തിൽ ഇദംപ്രഥമമായി മാതാവിൽനിന്നു വേർപിരിയേണ്ടതായി വന്ന രംഗം ഭാവനയുടെ പരിധിയിൽ ഒരു തരത്തിലും ഒതുങ്ങുന്നതായിരുന്നില്ല. അനേകം ചുംബനങ്ങളും അതിലധികം അശ്രുബിന്ദുക്കളും ആ രംഗത്തിന്റെ സംവിധാനത്തിൽ തുച്ഛങ്ങളായ ഉപകരണങ്ങളായിരുന്നു.

മാതാവിന്റെ മനസ്സ് മരണകരമായ മർദ്ദനമേല്ക്കുമ്പോൾ, അച്ഛന്റെ അഭിമാനം അശാന്തസൌധത്തിൽ അഭിഷിക്തമാകുന്ന അനുഭവം അന്നു് ആദ്യമായി ആയിരിക്കാം ലോകം അറിയുന്നതു്!

## IV

പരിചിതമല്ലാതിരുന്ന പരിതഃസ്ഥിതികൾ ആലീസിനെ കോളജിലേക്കു സ്വാഗതംചെയ്തു. കർക്കശയായ

മത്സ്യംപോലെ ആ പരിത:സ്ഥിതികളിൽ അവൾ വിഷമിച്ചു.

അഴകിൽ പൊതിഞ്ഞ അഴലുകളെ അകത്താക്കുന്ന "മിമൻസ് ഹോസ്റ്റൽ!" ആ സത്വവുമായി ആലീസ് ബന്ധിക്കപ്പെട്ടു.

അമ്മയെ സ്മരിച്ചപ്പോൾ അവളുടെ നെഞ്ചുപൊട്ടി. കരിയുന്ന കരളും എരിയുന്ന ഭക്തിയും പൊരിയുന്ന ചിന്തയും അവളെ വീർപ്പുമുട്ടിച്ചു. അതിൽ അവളോട് അനുതപിച്ച പ്രചണ്ഡകിരണൻ ശാന്തനായി മാറി.

ആലീസിൻെറ അനുഭവങ്ങൾക്കു മുന്നിൽ നിമിഷങ്ങൾ യുഗങ്ങളായി ഇഴഞ്ഞുകന്നു. അങ്ങനെ ഏതാനും യുഗങ്ങളെ അന്നത്തെ പകൽ ആലീസിൻെറ ജീവിതത്തിൽ അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ രാത്രിയായി.

അന്നു ചന്ദ്രഗ്രഹണമുണ്ടായിരുന്നു. ആലീസും മററു ഹോസ്റ്റൽ വിദ്യാർത്ഥിനികളുടെകൂടെ അതു കാണുവാൻ കാത്തുനിന്നു. ഏതോ കരാളതിൽ ചന്ദ്രൻ മറയ്ക്കപ്പെട്ടപ്പോൾ അവളുടെ അധരങ്ങൾ മന്ത്രിച്ചു:

"അയ്യോ!"

X X X X X

അന്തരീക്ഷത്തിൽ കണ്ടിരുന്ന കാറുകൾ നീങ്ങി. പാടേ ഒരു പ്രഭപ്രസരിച്ചു.

ആലീസ് ആശയോടേ വേദപുസ്തകം നിവർത്തു. മൂന്നു നാലു സഖികൾ അവളോടടുത്തു.

"വായിച്ചോ; ഞങ്ങളും കേൾക്കട്ടെ!"

ആ ഹിന്ദുയുവതികൾക്കു ക്രിസ്തീയ വേദകഥകൾ കേൾക്കുവാൻ തിടുക്കമായി. ആലീസ് വായിച്ചു. അവരുടെ നിരൂപണങ്ങൾ പ്രകാശിപ്പിക്കാൻ അവർ ജാഗരൂകരായി. തൻെറ വേദശാസ്ത്രപരവും അപാരവും ആയ ജ്ഞാനം വെളിപ്പെടുത്തുവാൻ ഈ അവസരം ആലീസിനു ഉപകരിച്ചു. അവൾക്കു ചാരിതാർത്ഥ്യംതോന്നി അത്രയുംപേർ അവളുടെ മതതത്വങ്ങൾ ശ്രവിക്കുവാനുണ്ടായതിൽ. ആ ചാരിതാർത്ഥ്യത്തോടുകൂടി അവൾ പ്രത്യാ

ശിച്ചു, കാലാന്തരത്തിൽ ചിലരെങ്കിലും അവളുടെ സ്ത്യമതത്തിലേക്ക മാനസാന്തരപ്പെട്ടമെന്ന്!

"നിങ്ങൾ വായിച്ചോ 'ദാസി'ൻെറ 'യുവതി'?"

വേറൊരു സഖി ഒരു പുസ്തകവുമായി അവരെ സമീപിച്ചു.

"ഇല്ല."

"ദേ, വായിക്കണം, എത്ര യാഥാർത്ഥ്യം തുളുമ്പുന്നതാണെന്നു."

ആ പുസ്തകം അവൾ ഇട്ടുകൊടുത്തു. ഒരുത്തി അതെടുത്തു വായിച്ചു തുടങ്ങി:

"അവളുടെ സാരിയിലെ ചുളുക്കുകൾ എന്നെ മാടി മാടി വിളിച്ചു – – –"

എല്ലാവരും കൈകൊട്ടിച്ചിരിച്ചു. ആലീസിനു വേദപുസ്തകം വായിക്കുവാൻ അതു ബാധകമായി.

"ഞാൻ പോകുവാ."

അവൾ എഴുന്നേററു. എന്നാൽ സഖികൾ അവളെ അവിടെ പിടിച്ചിരുത്തി. ഒരുവൾ ആ വേദപുസ്തകം എടുത്തു ദൂരെയെറിഞ്ഞു. വേറൊരുവൾ അതിൽ അവളെ അഭിനന്ദിച്ചു. മൂന്നാമതൊരുവൾ തട്ടിവിട്ടു:

"ദാസിൻെറ ചെറുകഥ വായിക്കുമ്പോളും വേദപൊത്തകം!"

ചെറുകഥയുടെ വേറൊരുഭാഗത്തു് അവർ എത്തി.

"എൻെറ ചുംബനങ്ങൾ ഏററുവാങ്ങ് അവൾ തളർന്നു – –"

"അമ്പെടാ! അവൻ ആരെടാ!"

ആലീസ് ഒഴികെ എല്ലാവരും ഏകകണ്ഠമായി ഘോഷിച്ചു. അവൾ വീണ്ടും പോകുവാൻ ഭാവിച്ചു. മററുള്ളവർ പിന്നെയും തടഞ്ഞിരുത്തി.

"നിൻെറ ക്ലാസിൽ പഠിക്കുന്ന ദാസെഴുതിയ കഥയാ! എന്നിട്ടു നീ കേൾക്കാതെ പോകുവാണോ?"

"എൻെറ ക്ലാസിലോ?"

"അമ്പേ! നീ അറിയേലാത്തപോലെ ആ നാടകക്കുട്ടനെ! എത്ര പ്രാവശ്യം നീ ആ സുന്ദരക്കുട്ടനെ നോക്കിട്ടൊണ്ടെടി— ആ ആനന്ദക്കുട്ടനെ!"

ആലീസിൻെറ ഹൃദയം തളർന്നു. അവൾ അപേക്ഷിച്ചു:

"സഹോദരികളെ പഴിക്കാതെ!"

"ആരും അറിയാതെ പുലിപോലെ പായുന്ന പൂച്ചയാ ആലീസ്!"

കൂട്ടുകാരുടെ ക്രൂരമ്പുകൾ സഹിക്കാതിരിക്കുവാൻ ആലീസിനു നിർവാഹമുണ്ടായിരുന്നില്ല.

കോളജിലെ ഒരു മീററിംഗിൽ ദാസ് ഒരു കഥയെഴുതി വായിച്ചു. മതത്തെയും ഈശ്വരനെയും അതിൽ അധിക്ഷേപിച്ചിരുന്നു. കഥയിലെ സാഹിത്യം ആലീസിനു വളരെ രുചിച്ചു. എന്നാൽ കഥാകാരൻെറ ആദശം അവളെ വേദനിപ്പിച്ചു. ആ വേദനയോടേ അവൾ പ്ലാററ്ഫോറത്തിൽ കയറി ദാസിനെ നിശിതമായി വിമശിച്ചു:

"- - - ഈശ്വരൻതന്ന കഴിവുകളെ ഈ വിധം ദുർവിനിയോഗിക്കുവാൻ ധൈര്യപ്പെട്ട ഈ കഥാകാരൻ മനുഷ്യനോ മൃഗമോ എന്നു ഞാൻ സംശയിക്കുന്നു - - "

ഇങ്ങനെ സ്വതന്ത്രമായ ഒരഭിപ്രായം സരളമായും സരസമായും അവിടെ അവൾ പ്രകാശിപ്പിച്ചു. എല്ലാവരും അവളെ കൈയടിച്ചു പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ദാസിൻെറ മുഖത്തുനിന്നും രക്തം വാന്നുകന്നു. പലരും ആലീസിനോടു ചോദിച്ചു:

"ദാസിനെ ഇത്ര കഠിനമായി മുറിപ്പെടുത്തിയതെന്തേ?"

വിമശിച്ച വാചകങ്ങളെല്ലാം അവൾ അനുസ്മരിച്ചു. അവയെല്ലാം വളരെ വളരെ നിശിതങ്ങളായിരുന്നു. ശക്തവും രൂക്ഷവും ആയ മതവിശ്വാസവും മതബോധവും കാരണമായിരുന്നു അവൾ അത്ര കാക്കശ്യം പ്രയോഗിച്ചതു്. അതിൽനിന്നും ദാസിനു ഭവിച്ച മാനഹാനി മനസ്സിലാക്കിയപ്പോൾ അവൾ നിർവ്യാജം വ്യസനിച്ചു. പശ്ചാത്താപ പരിശുദ്ധമായ അവളുടെ ഹൃദയം അവളെ ഉപദേശിച്ചു, ദാസിനോടു ക്ഷമാപണം ചെയ്യുവാൻ.

അതിൽ ശങ്കിക്കവാനില്ലെന്ന് അവൾക്കുതോന്നി. തന്നോടു ഹൃദയം തുറന്നു ക്ഷമിക്കണമെന്നും, പാരുഷ്യം ഭാവിക്കരുതെന്നും എഴുതി അവൾ ദാസിനയച്ചു. അത്ര ആർദ്രമായിരുന്നു അവളുടെ ഹൃദയം.

അനന്ത വിസ്തൃതമായ ആകാശത്തിൽ നിരന്ന കാർപടലങ്ങൾക്കിടയിൽ രണ്ടു താരങ്ങൾ തെളിഞ്ഞു. അവ രണ്ടും ഓടിയടുത്തു. ഉടനേ ഒരു കാർമേഘം അവയെ മറച്ചുകളഞ്ഞു.

ദാസിന്റെ ഒരു കത്ത് ആലീസിനു ലഭിച്ചു. അതിൽ എഴുതിയിരുന്നു:

> "— — — താരങ്ങളോടും താരുകളോടും ഞാൻ ചോദിച്ചു, ഭവതി എന്നെ സ്നേഹിക്കുന്നുണ്ടോഎന്ന്. അവ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു: "ഉണ്ട്" അവയെ നൂറുരു നമസ്കരിച്ചിട്ട് എന്റെ ഹൃദയം ഭവതിക്കായി ഞാൻ തുറന്നു. അവിടേയ്ക്കു ഭവതി ആഗമിച്ചാലും. ദാസ് ഇതാ ദാസനായിനില്ക്കുന്നു— — —"

ആ എഴുത്ത് അതിന്റെ അതിരുകളെ അതിലംഘിച്ചിട്ടില്ലേ എന്ന് ആലീസ് സംശയിച്ചു. എങ്കിലും അതിന്റെ ചന്തം അവളെ ആകർഷിക്കുകതന്നെ ചെയ്തു. ആ വാചകങ്ങളെ ചാഞ്ചല്യം കൂടാതെ അവൾ ഹൃദിസ്ഥമാക്കി.

ദാസിന്റെ കഥാഗ്രന്ഥങ്ങളെല്ലാം അയാൾ ആലീസിനു സമ്മാനിച്ചു. തികഞ്ഞ ഒരു സാഹിത്യകാരനും സഹപാഠിയും ആയ അയാളുടെ ആ ഗ്രന്ഥങ്ങൾ നിരസിക്കേണ്ടതില്ലെന്നുള്ള വിശ്വാസത്തിൽ അവൾ അതു കൈപ്പറ്റി. ഓരോന്നും അവൾ വായിച്ചു. പരന്ന ഭാവനയും നിരന്ന വാസനയും അവയിലെങ്ങും തെളിഞ്ഞിരുന്നു. അവയെ ഹൃദയംഗമം അഭിനന്ദിക്കാതിരിക്കാൻ അവൾക്കു കഴിഞ്ഞില്ല. ചിലതിലെല്ലാം മതത്തിനും മാനത്തിനും എതിരായ ചുരുക്കം ഭാഗങ്ങളും ഉണ്ടായിരുന്നു. എങ്കിലും വാസനാവൈഭവവും ആശയസമ്പത്തും തികഞ്ഞസാഹിത്യകാരന്റെ തൂലികാവിലാസത്തിനുമുമ്പിൽ

അവൾ നമസ്കരിച്ചു. ആ നമസ്കാരത്തിനിടയിൽ അവളുടെ അന്തരംഗം മന്ത്രിക്കുകയാണ്:

"എൻെറ ഹൃദയം ഭവതിക്കായി ഞാൻ തുറന്നു. അവിടേയ്ക്കു ഭവതി ആഗമിച്ചാലും."

X X X X X

പലപ്പോഴായി ആലീസിൻെറ പല വേദപുസ്തകങ്ങളും പലരാലും എറിയപ്പെട്ടു. ബാക്കിയുള്ളതു വായിക്കാൻ ശ്രമിച്ചാൽ സാദ്ധ്യമല്ല. പലതും പറഞ്ഞുകൊണ്ടു പലരും ഓടിയെത്തും. പുസ്തകം മടക്കി മാററിയില്ലെങ്കിൽ അവർ എടുത്തെറിയുകയും ചെയ്യും.

ഒരിക്കൽ ആലീസ് 'കൊന്ത'യുമായി നമസ്കരിക്കുകയായിരുന്നു. ഏതാനും സഖികൾ അവളെ സമീപിച്ചു.

"ആലീസുവല്ലുവിനെ കെട്ടാനുള്ള കയറു്!"

അവർ ആ 'കൊന്ത' വാങ്ങി ദൂരെയെറിഞ്ഞു.

കോളജിലെ ഈ അനുഭവങ്ങൾ അവൾ വീട്ടിൽ അറിയിച്ചു. ചാക്കോച്ചൻ അവിടെ എത്തി. സൈ്വരമായും ഏകാന്തമായും വസിക്കുവാൻ സൌകര്യപ്പെടത്തക്ക വിധം പരിചയമുള്ള ഒരു വീട്ടിൽ അവളെ താമസിപ്പിച്ചു.

## V

ദാസിൻെറ പുതിയ കഥകളെല്ലാം അയാൾ ആലീസിനു നൽകും. അവയെല്ലാം വായിക്കുന്നതിൽ അവൾ വളരെ സമയം ചെലവഴിച്ചു. ഓരോന്നും വായിക്കുമ്പോൾ ദാസിൻെറപേരിലുള്ള അവളുടെ അഭിപ്രായം ഓരോ പടികൂടെ ഉയർന്നുവന്നു. ആ ഉയർച്ച കാണുവാൻ അന്തിനക്ഷത്രം എന്നും ഉദിച്ചുപൊങ്ങി.

"ജീവിതത്തിൻെറ യഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയ ശരിയായ കലാകാരൻ!"

അവളുടെ ഹൃദയം ദാസിനെ വിമർശിക്കുന്ന വിധമാണ്.

"അകന്മഷമായ ഹൃദയവെളിച്ചവും ആകർഷണീയ

മായ സൌന്ദര്യവും! അപാരമായ ആശയസമ്പത്തും അന്യാദൃശ്യമായ വാസനാവൈഭവവും!"

അവളുടെ അഭിപ്രായങ്ങൾ ഒന്നുംതന്നെ ദാസിൽനിന്നും അവൾ മറച്ചുപിടിച്ചില്ല. എല്ലാം അയാളെ അറിയിക്കും. ആ അഭിപ്രായങ്ങളും അഭിനന്ദനങ്ങളും അയാളുടെ ഹൃദയത്തിൽ പുളകംചാർത്തും. ആ വാസനാസമ്പന്നൻ കോമളമായ ഭാഷയിൽ പ്രണയമസൃണമായ മറുപടി നൽകും. അതു ശ്രവിക്കുമ്പോൾ — വായിക്കുമ്പോൾ — ഒരു മാർദ്ദവം അവളുടെ ശരീരത്തിൽക്കൂടെ പായും. ആ മാർദ്ദവം അവളെക്കൊണ്ടു പലതുമൊക്കെ പറയിപ്പിക്കും:

"ഇത്ര സ്നേഹലോലമായ ഹൃദയം!— സ്നേഹിക്കുവാൻ യഥാർത്ഥത്തിൽ അർഹമായ ഹൃദയം— പ്രകൃതിയുടെ കലാകാരൻെറ ഹൃദയം!"

ആ പുരോഗമന സാഹിത്യകാരൻ അലീസിനെ അറിയിച്ചു:

"ഭവതിയോടുള്ള നിസ്സീമമായ സ്നേഹത്തിൻെറ പ്രവാഹത്തിൽ കുടുങ്ങി ഞാൻ ഒഴുകിക്കൊണ്ടിരിക്കയാണ്, ദാമ്പത്യത്തിൻെറ മണിയറയിലേക്ക്."

അലീസ് അമ്പരന്നു. അവളുടെ അന്തരംഗം ഞെട്ടിങ്ങി; അഭിജാത്യം പതുങ്ങി. വ്യസനം വളർന്നു, കൈകാലുകൾ തളർന്നു. അവൾ അവശയായി.

സാവധാനം അവൾ എഴുതി:

"പ്രകൃതിയുടെ കലാകാരാ! താങ്കളെ ഞാൻ സ്നേഹിക്കുന്നുണ്ട്! എന്നാൽ— ഞാൻ ഭയക്കുന്നു— ദാമ്പത്യം— പാടില്ല— ഒരിക്കലും പാടില്ല".

ദാസ് അതിനു മറുപടി നൽകി.

"ദാമ്പത്യം— മനുഷ്യഹൃദയങ്ങളെ മധുരിപ്പിക്കുന്ന ആ മഞ്ജുളതയേയും എന്നെയും ഭവതി നിരസിക്കുവാൻ കാരണമെന്ത്? എൻെറ ഹൃദയത്തിൻെറ ഓരോ അണുക്കളും അടന്നടന്നും, ആശയുടെ ഓരോ ഇതളുകളും അടിഞ്ഞടിഞ്ഞും, ആശാപാശത്തിൻെറ ഓരോ നിഴലുകളും അകന്നകന്നും ഞാൻ നശിച്ചുകൊള്ളാം! അങ്ങനെ നശിക്കുന്ന ഓരോ

വിനാഴികയിലും ഭവതി എൻെറ ഹൃദയത്തിൽ കൂടുതൽ കൂ ടു ത ൽ ആഴത്തിൽ വേരൂന്നുകയേ ഉള്ളൂ."

അലീസ് അതു വായിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞു; ഗൌരവം കുറഞ്ഞു. ഹൃദയം തുടിച്ചു; എന്നാൽ ഏതിനും മടിച്ചു.

"എനിക്കുവേണ്ടി– എന്നെ ഓർത്ത്–- ആലോലമാനസൻ അനുഭവിക്കുന്ന മരണയാതനകൾ! അഹോ! കഷ്ടം!"

അവളുടെ കരളുരുകി. ഒരു വിധം, ദൈവഭക്തയായ ആ കരുണാമയി മറുപടി കൊടുത്തു:

"കലാകാരാ! ജീവിതത്തെ പ്രണയപ്പെടുത്താതെ. അതുകൊണ്ടു പ്രകൃതിക്കു പലതും സാധിക്കേണ്ടതുണ്ട്. എന്നെ സർവ്വേശ്വരനു ഞാൻ സമർപ്പിച്ചു പോയി. അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ എൻെറ ജീവിതം വിനിയോഗിക്കപ്പെടണം. ദൈവത്തിൻെറ ആരാമത്തിൽ ഒരു നന്ദപ്രകാരി ആകാൻ ഭാഗധേയം ലഭിക്കുമ്പോൾ, ഭവാനെപോലെ വേദനിക്കുന്നവരെ ഞാൻ ആശ്വസിപ്പിക്കും!"

ചെറുകഥാകാരൻ വീണ്ടും അവളെ ഉൽബോധിപ്പിച്ചു– സുദീർഘമായും സുശക്തമായും ഉൽബോധിപ്പിച്ചു:

"സ്ത്രീപുരുഷന്മാരുടെ ഹൃദയങ്ങൾ ഒട്ടിച്ചേരേണ്ടവയാണ്; ഓടിയകലേണ്ടവയല്ല. സ്നേഹത്തിൻെറ പശയിൽ അവയെ പൊതിഞ്ഞിരിക്കുന്നതു പിന്നെന്തിനാണ്?"

"ദാമ്പത്യത്തിൻെറ മധു മനുഷ്യനു കുടിക്കുവാനുള്ളതാണ്– മതിയാവോളം എല്ലാം മനുഷ്യനും കുടിക്കുവാനുള്ളതാണ്. അതിൽ ഭവതി കയ്പു കലത്തരുതേ!"

"മനുഷ്യനെ വിട്ട്, പ്രകൃതിയിലേക്കു ഭവതി തിരിയൂ. എവിടെയുണ്ട് ഒരു പെൺജാതി ആൺജാതിക്കുവേണ്ടിയല്ലാതെ? എവിടെയുണ്ട് ഒരു ആൺജാതി പെൺജാതിക്കുവേണ്ടിയല്ലാതെ?"

"ആസ്വദിക്കുവാനല്ലെങ്കിൽ എന്തിനാണ് അഴക്? അണിയുവാനല്ലെങ്കിൽ എന്തിനാണ് ആഭരണം? ആസ്വദിക്കാനുള്ളതിനെ ആസ്വദിക്കാതിരിക്കുന്നത് ഏററവും പ്രകൃതിവിരുദ്ധം!"

"ദാമ്പത്യം – മനുഷ്യഹൃദയങ്ങളെ മധുരിപ്പിക്കുന്ന ആ മഞ്ജുളതയേയും എന്നെയും ഭവതി നിരസിക്കുവാൻ കാരണമെന്ത്? എൻെറ ഹൃദയത്തിൻെറ ഓരോ അണുക്കളും അടന്നടന്നും, ആശയുടെ ഓരോ ഇതളുകളും അടിഞ്ഞടിഞ്ഞും, ആശ്വാസത്തിൻെറ ഓരോ നിഴലുകളും അകന്നകന്നും ഞാൻ നശിച്ചുകൊള്ളാം. അങ്ങനെ നശിക്കുന്ന ഓരോ വിനാഴികയിലും ഭവതി എൻെറ ഹൃദയത്തിൽ കൂടുതൽ കൂടുതൽ ആഴത്തിൽ വേരൂന്നുകയേ ഉള്ളൂ."

ഈവിധം അയാൾ പിന്നെയും പിന്നെയും ഉൽബോധിപ്പിച്ചു. അവൾ ഹൃദയമില്ലാതെ നിഷ്കരുണം പ്രവർത്തിച്ചാൽ മരണവേദനകളുടെ ഇടയിൽക്കൂടി വളഞ്ഞു പുളഞ്ഞ് അയാളുടെ ജീവിതം ദ്രവിക്കുമെന്നും, അവൾ അതിനു കാരണക്കാരിയായിരിക്കുമെന്നും അയാൾ പ്രത്യേകം സൂചിപ്പിച്ചു.

ആകാശത്തിൽ തെളിഞ്ഞ മഴവില്ലിൻെറ മഞ്ജുളത മാഞ്ഞു. അതിനെ പലരും മറന്നു.

ആലീസ് ദാമ്പത്യത്തിൻെറ ആസ്വാദ്യതയിൽ ആകൃഷ്ടയായി! എന്നാൽ അവൾക്കൊരു സ്തംഭനം! ദാസ് ഒരു ഹിന്ദുവായിരുന്നു. അവളുടെ വിസമ്മതം നീക്കുവാൻ പിന്നെയും അയാൾ പണിപ്പെട്ടു. ആ സാഹിത്യകാരൻ എഴുതി:

"മതവും ജാതിയും പുതുസൃഷ്ടികളാണ്. മനുഷ്യകുലം മാത്രമേ ഭൂമിയിൽ ഉണ്ടായിരുന്നുള്ളു. അർത്ഥവും ആലോചനയും അററ അവ്യക്തവിഭജനം!— അതിനെ ഈ ഇരുപതാംശതകത്തിലും ആദരിക്കണമോ?"

ക്രിസ്തുമസ് കാലം. ആലിസിനെ വീട്ടിലേക്കു കൊ

ണ്ടുപോകുവാൻ ചാക്കോച്ചൻ വന്നിരുന്നു. വണ്ടിയിൽ വെച്ച് രണ്ട് "സഹോദരിക"ളോട് സംസാരിക്കുവാൻ അവക്കിടയായി.

"ജീവിതത്തിൻെറ പരമലക്ഷ്യമെന്ത്?"
അവർ അലീസിനോട് ചോദിച്ചു.

"ദൈവത്തെ ആരാധിക്കുക"

"അതെങ്ങനെയൊക്കെ സാധിക്കും?"

"ഓരോ പ്രവൃത്തിയിലും"

"അതിൻെറ ഉന്നതി ഏതിലാണ്"

"എല്ലാ പ്രവൃത്തികളിലുംഏകദേശംഒന്നുപോലെ."

"അല്ല; തെററിപ്പോയി."

അവർ തുടർന്നു:

"ഈശ്വരൻ നൽകിയ ജീവിതം അദ്ദേഹത്തിനു തന്നെ സമപ്പിക്കുക. അദ്ദേഹത്തെ ശുശ്രൂഷിച്ചു കഴിയുക"

ആലീസ് ആ അഭിപ്രായത്തെ അനുകൂലിച്ചില്ല.

"അങ്ങനെ ചെയ്യുന്നതിൽ നന്ദികേടുണ്ട്. ദൈവം തരുന്ന താരുണ്യസൌന്ദര്യങ്ങൾ മനുഷ്യൻെറ സുഖത്തിനാണ്— മനുഷ്യൻ ആസ്വദിക്കുന്നതിനാണ്. അത് ആസ്വദിക്കാതെ അലട്ടികളയുന്നത് ഈശ്വരഹിതത്തിനെതിരും നന്ദിയില്ലായ്മയുംആണ്"

"നന്ദിയില്ലായ്മ്മ് അതിൽ അവസരംപോലുമില്ല. ഈശ്വരൻ തരുന്ന താരുണ്യസൌന്ദര്യങ്ങൾ ഈശ്വരനെ പരമപാവനമായി സേവിക്കുവാൻതന്നെ വിനിയോഗിക്കുന്നതിൽ കൂടുതൽ യുക്തമല്ല, മ‌റെറാന്നും."

"അതല്ല ഈശ്വരഹിതം."

അലീസ് അവരുടെ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ടു തുടർന്നു:

"മനുഷ്യനെ വിട്ടു പ്രകൃതിയിലേക്കു തിരിയൂ. എവിടെയുണ്ട് ഒരു പെൺജാതി ആൺജാതിക്കുവേണ്ടിയല്ലാതെ? എവിടെയുണ്ട് ഒരാൺ ജാതി പെൺജാതിക്കുവേണ്ടിയല്ലാതെ? ഈശ്വരഹിതം, ആൺ

ജാതി പെൺജാതിക്കും പെൺജാതി ആൺജാതിക്കുംവേണ്ടിയായിരിക്കണം എന്നാണ്."

ചാക്കോച്ചൻ ഈ സംഭാഷണം അകന്നുനിന്നു ശ്രവിക്കുന്നുണ്ടായിരുന്നു. പുത്രിയുടെ ഹൃദയവ്യതിയാനത്തിൽ അയാൾ അത്ഭുതപ്പെട്ടു. അയാളുടെ ഹൃദയചന്ദ്രൻ ചാരിതാർത്ഥ്യത്തിന്റെ ചാരുചന്ദ്രിക തൂകി ആശയുടെ അന്തരീക്ഷത്തിൽ പ്രശോഭിച്ചു.

വീട്ടിലെത്തിയപ്പോൾ വിവരം അയാൾ ഭാര്യയെ അറിയിച്ചു. ആ മാതൃഹൃദയത്തിൽ ഒരു നടുക്കം!— ആത്മാവിനെ അലച്ചുലയ്ക്കുന്ന ഒരു നടുക്കം, അനുഭവങ്ങളുടെ അലംകോലതയെ ഓർത്ത്!

അലീസ് ആകെമാനം അവസ്ഥാന്തരപ്പെട്ടതായി അമ്മയ്ക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. പള്ളിയിൽ പോകുന്നില്ലേ എന്നു ചോദിച്ചപ്പോൾ അവളിൽനിന്നും ലഭിച്ച ഉത്തരം ആ മാതാവിനെ വിയർപ്പിച്ചു.

"എനിക്കു നേരമില്ല."

നീണ്ട ഒരു നിശ്വാസത്തിൽ ലിസിയുടെ ആത്മാവു മയങ്ങി!

## VI

"ജാതിമതചിന്തകൾ കേവലം നിരർത്ഥങ്ങൾ! ആധുനിക ലോകം അതിനെ ആദരിക്കുകയില്ല"

"എന്റെ ഹൃദയത്തിന്റെ ഓരോ അണുക്കളും അടന്നടന്നും, ആശയുടെ ഓരോ ഇതളുകളും അടിഞ്ഞടിഞ്ഞും, ആശ്വാസത്തിന്റെ ഓരോ നിഴലുകളും അകന്നകന്നും ഞാൻ നശിച്ചുകൊള്ളാം; അങ്ങനെ നശിക്കുന്ന ഓരോ വിനാഴികയിലും ഭവതി എന്റെ ഹൃദയത്തിൽ കൂടുതൽ കൂടുതൽ ആഴത്തിൽ വേരൂന്നുകയേ ഉള്ളൂ."

കലാകാരന്റെ ഉൽബോധനങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കപ്പെട്ടു.

യൗവനത്വം കലർന്ന സ്ത്രീത്വം— അതു വെമ്പൽകൊള്ളു

കയാണ്, സൌന്ദര്യത്തിൻെറ സമാസ്വാദനത്തിന്നായി. ആ വെമ്പൽകൊള്ളലിൽ ഒരു തരിയുന്നപോലുമില്ല, അനുഭിവക്കേണ്ടവയൊന്നും.

ആശയുടെ ഒരു തേങ്ങലും, അന്തരംഗത്തിൻെറ ഒരു വിങ്ങലുംആയി അലീസിനെ ആ കഥാകാരൻ സമീപിച്ചു. അയാളുടെ മുഖം വിളറുകയായിരുന്നു; പാദങ്ങൾ ഇടറുകയായിരുന്നു. വിറച്ചുകൊണ്ട് അയാൾ പറഞ്ഞു:

"ഭവതി, വെറും അർത്ഥമില്ലാസ്ഥയുടെ ആയുധംകൊണ്ട് എന്നെ മുറിവേല്പിക്കരുതേ! ദാമ്പത്യം— മനുഷ്യഹൃദയങ്ങളെ മധുരിപ്പിക്കുന്ന ആ മഞ്ജുളതയേയും എന്നെയും ഭവതി നിരസിക്കുകയാണെങ്കിൽ, എൻെറ ജീവിതത്തിന് ഭവതിയെ സാക്ഷിയാക്കി ഞാൻ പൂർണ്ണവിരാമം രചിച്ചുകൊള്ളുന്നു."

പൈശാചിക ഭാവത്തിൽ അയാൾ പോക്കററിൽനിന്നും ഒരു ചെറിയ കുപ്പി പുറത്തെടുത്തു് തുറന്നു. വായുടെ നേരേ അയാൾ അടുപ്പിച്ചു.

"അരുതു്, അരുതു്."

മിന്നൽവേഗത്തിൽ അലീസ് അയാളുടെ കൈകളിൽ കടന്നുപിടിച്ചു.

മൂകതയിൽ സ്തംഭിച്ച ചില നിമിഷങ്ങൾ ഭാവിയിൽനിന്നും വർത്തമാനത്തിൽക്കൂടെ ഭൂതത്തിലേക്കു പാഞ്ഞു. ദാസ് മന്ദസ്വരത്തിൽ പറഞ്ഞു:

"ദാമ്പത്യത്തിൻെറ മണിയറ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്നു. അങ്ങോട്ടു നമുക്കു കൈകോർത്തു നടക്കാം. അല്ലെങ്കിൽ ഭവതി സുഖിച്ചുകൊള്ളൂ, ഞാൻ മരിക്കുമ്പോൾ!"

അലീസ് അധോമുഖിയായി നിന്നു.

"ഭവതി, ഞാനൊന്നാശ്വസിക്കട്ടെ, മറുപടി പറയൂ."

"ലോകം എന്തു പറയും?"

അവൾ പിറുപിറുത്തു.

"എന്തും പറയട്ടെ."

"പരിഹസിക്കും."

"സാരമില്ല."

"കൈകൊട്ടിച്ചിരിക്കും."

"ഇവിടെയാണെങ്കിലല്ലേ കൈകൊട്ടിച്ചിരിക്കൂ? നമുക്കിവിടെനിന്നും കടക്കാം."

"എങ്ങോട്ട്?"

"ലോകത്തിന്റെ മറ്റേതൊരു ഭാഗത്തേക്കെങ്കിലും ആകട്ടെ. ഞാൻ ഇനി പ്രഥമമായി ഒന്നു ചുംബിച്ചു — —"

അയാൾ പറഞ്ഞുതീരുന്നതിനുമുമ്പിൽ ഒരാൾ അവിടെ എത്തി ഒരു കമ്പിസന്ദേശം അലീസിന്റെ കൈകളിൽ കൊടുത്തു. തിടുക്കത്തിൽ അവൾ വായിച്ചു.

"അയ്യോ! അമ്മേ!"

അവൾ പുറകോട്ടു മറിഞ്ഞു. ദാസ് അവളെ താങ്ങിക്കിടത്തി. കമ്പിസന്ദേശം അയാൾ നോക്കി. അലീസിന്റെ മാതാവു മോഹാലസ്യത്താൽ മരിച്ചെന്നായിരുന്നു വാർത്ത. അനുഭവങ്ങളിൽ കുടുങ്ങി, അയാൾ ഒന്നു നടുങ്ങി.

കുറെ വെള്ളംകൊണ്ടുവന്ന് അയാൾ അലീസിന്റെ മുഖത്തു തളിച്ചു. "അമ്മേ!" എന്ന വിളിയുമായി അവൾ ബോധക്ഷയത്തിൽനിന്നുണർന്നു.

"ഉടനേ പോകണം."

അവൾ ഒരു വിധത്തിൽ പറഞ്ഞു.

"ഞാനുംകൂടെ വരാം."

അയാൾ അവളെ താങ്ങിപ്പിടിച്ചുകൊണ്ടു നടന്നു.

ശവസംസ്കാരത്തിനുശേഷം മൂന്നു ദിവസങ്ങൾ കഴിഞ്ഞു. അലീസ് ഒരു കട്ടിലിൽ കദനഭാരത്താൽ തളർന്നു കിടക്കുകയായിരുന്നു. ദാസ് അവളെ സാന്ത്വനിപ്പിക്കുവാൻ ഇടയ്ക്കിടെ ശ്രമിച്ചു.

പതറുന്ന നോട്ടവും ചിതറുന്ന തലമുടിയും ആയി ഒരു യുവതി ആ മുറിയിൽ ഓടിക്കയറി. അവിടം ആകെ മരവിച്ചുപോയി. വസ്ത്രത്തിനടിയിൽനിന്നും ഒരു കഠാരി

വലിച്ചൂരി അവൾ ഉയർത്തി! വരളുന്ന അധരങ്ങളെ കടിച്ചമർത്തിക്കൊണ്ട് അവൾ അലറി:

"ദുഷ്ടാ! നാടകക്കാരാ! എന്നെയും ആ കുഞ്ഞിനെയും നീ— അയ്യോ ഇതിനാണോ നീ നാടകം പഠിപ്പി— എന്നിട്ടിങ്ങോട്ടു സംബന്ധത്തിനു്—"

ദാസ് ആ കഠാരി കൈക്കലാക്കി അവളുടെ നെഞ്ചിൽ കുത്തിയിറക്കി. വലിച്ചൂരി സ്വന്തം മാറിലും അയാൾ താഴ്ച്ചു.

"അയ്യോ! അമ്മേ!"

അലീസ് ഭ്രാന്തിയേപ്പോലെ ഇറങ്ങിയോടി.

## VII

കിഴക്കുദിക്കും; പടിഞ്ഞാറസ്തമിക്കും— അങ്ങനെ പല ഇരവുകളും പകലുകളും സൂര്യൻ അളന്നു മാററി.

"സഹോദരികൾ" നടത്തുന്ന ഒരഗതിമന്ദിരം. എല്ലും തൊലിയും മാത്രമായി അവശേഷിച്ച ഒരു ഭിക്ഷു അതിൻെറ മുമ്പിലെത്തി. അയാളുടെ ശരീരം വ്രണങ്ങൾകൊണ്ടു പൊതിഞ്ഞിരുന്നു. നെടിയ വടിയൂന്നി അയാൾ ക്രുനിക്കൂനിച്ചുനിന്നു വിലപിച്ചു.

ആശ്വാസത്തിൻെറ ഉറവപോലെ ഒരു 'സഹോദരി' ആ ചോദ്യചിഹ്നത്തെ സമീപിച്ചു. ആ മനുഷ്യകോലം ബോധമററു മറിഞ്ഞുവീണു.

നിസ്വാർത്ഥമായ സേവനം! നിർമ്മലമായ ആദർശം!— അവസ്ഥ സമയം നല്കിക്കൊണ്ട് ചില മണിക്കൂറുകൾ അകന്നു. ആ ഭിക്ഷു കണ്ണുകൾ തുറന്നു. അഗതിമന്ദിരത്തിലെ ഒരു മുറിയിലായിരുന്നു അയാൾ.

"ആ സിസ്റ്റർ എവിടെ?"

അയാൾ അടുത്തുനിന്നിരുന്ന ഒരാളോടു ചോദിച്ചു.

"ഇവിടെയെങ്ങാനുമുണ്ട്."

ഒരു ഞരക്കത്തോടുകൂടി അയാൾ കണ്ണടച്ചു മയങ്ങി.

അയാൾ കണ്ണുകൾ തുറന്നപ്പോൾ അവിടെ ആരും ഇല്ലായിരുന്നു. അയാൾ പുലമ്പി:

"അനുഭവങ്ങൾ! ഹാ ാ ാ ാ!"

ആ കണ്ണുകൾ അടഞ്ഞു.

ആ 'സഹോദരി' അയാളെ പരിചരിക്കുന്നുണ്ടായിരുന്നു, വീണ്ടും അയാൾ ഉണർന്നപ്പോൾ. ഇടറിയ സ്വരത്തിൽ അയാൾ ചോദിച്ചു:

"സിസ്റ്റർ അന്ന് ഓടിയിട്ട്?"

ആ സഹോദരി അയാളെ സൂക്ഷിച്ചുനോക്കി. അവരുടെ കണ്ണുകളിൽ അഗ്നിസ്ഫുലിംഗങ്ങൾ പാറിപ്പറന്നു.

"അല്ല, സഹോദരൻ ദാസ്!"

ആ സ്വരം നിന്നു; കുറേ കഴിഞ്ഞു തുടർന്നു:

"രണ്ടു 'സഹോദരികൾ' എന്നെ കണ്ടുമുട്ടി. അവരുടെകൂടെ ഞാൻ വിദേശത്തുപോയി. ഈയിടെയാണു തിരിയെ വന്നത്."

രോഗി നെടുതായി ഒന്നു നിശ്വസിച്ചു.

"സഹോദരാ ഇവിടത്തെ വിശേഷങ്ങൾ?"

"അവൾ മരി — — എന്നെ — — മൂന്നു — — കൊല്ല — — ത്തേക്ക്.

അയാൾ ഒന്നു ഞരങ്ങി. 'സഹോദരി' ആത്മമായി ചോദിച്ചു:

"എന്റെ അപ്പച്ചൻ?"

"ആറു — — മാസ — — "

"അയ്യോ"

ആ 'സഹോദരി' നിലംപതിച്ച ശബ്ദം അവിടെങ്ങും മാറൊറാലിക്കൊണ്ടു!

സമാപ്തി.

# വായിക്കുക

"കുസുമങ്ങൾ"

| | | | | |
|---|---|---|---|---|
| No 1 | മാപ്പ്രാപ്പാ മാതാക്കളോട് | 0 | 2 | 0 |
| ,, 2 | ഇതാണ് നീതി | 0 | 3 | 0 |
| ,, 3 | പാരമ്പര്യസ്തവം | 0 | 1 | 0 |
| ,, 4 | തിരുസ്സഭ | 0 | 1 | 0 |
| ,, 5 | ഫാദർ ഡേമിയൻ | 0 | 1 | 0 |
| ,, 6 | ആദിമാതാപിതാക്കന്മാർ | 0 | 2 | 0 |
| ,, 7 | ക്രിസ്തുവിൻെറപടയാളികൾ | 0 | 1 | 0 |
| ,, 8 | സത്യമായ മതം | 0 | 3 | 0 |
| ,, 9 | ക്രിസ്തു ഇന്നും | 0 | 3 | 0 |
| ,, 10 | യൗവനചൈതന്യം | 0 | 2 | 0 |
| ,, 11 | നമ്മുടെ കുടുംബം | 0 | 2 | 0 |
| ,, 12 | വ്യാവസായിക സൗഹാർദ്ദം | 0 | 2 | 0 |
| ,, 13 | ഇതാണോ കുർബാന? | 0 | 2 | 0 |
| ,, 14 | പ്രശ്നങ്ങൾ | 0 | 4 | 0 |
| ,, 15 | ഇതോ വായിക്കുന്നത്? | 0 | 1 | 6 |
| ,, 16 | ഭാരതത്തിലെ കത്തോലിക്കാസഭ | 0 | 1 | 6 |
| ,, 17 | പ്രചോദനം | 0 | 2 | 0 |
| ,, 18 | പുരോഗമനം | 0 | 2 | 0 |
| ,, 19 | രക്ഷിച്ചകഥകൾ | 0 | 2 | 6 |
| ,, 20 | വൈദികൻെറ പണപ്പിരിവ് | 0 | 2 | 6 |

| No. | | | | |
|---|---|---|---|---|
| ,, 21 | സഹനത്തിൻെറ മഹനീയ മാതൃക | 0 | 3 | 0 |
| ,, 22 | ഫാററിമാ മാതാവ് | 0 | 4 | 0 |
| ,, 23 | ചെസ്റ്റർട്ടൻെറമാനസാന്തരം | 0 | 4 | 0 |
| ,, 24 | ഭാഗ്യപരീക്ഷ | 0 | 2 | 6 |
| ,, 25 | സുവിശേഷത്തിലെ സ്ത്രീകൾ | 0 | 2 | 6 |
| ,, 26 | അങ്ങനെ അവരുടെ കല്യാണവും കഴിഞ്ഞു | 0 | 2 | 0 |
| ,, 27 | സാമുദായിക പ്രബോധനം | 0 | 5 | 0 |
| ,, 28 | പരിശുദ്ധരായ മൂന്നു സേവകന്മാർ | 0 | 3 | 0 |
| ,, 29 | ആ പുരോഗമന സാഹിത്യകാരൻ | 0 | 3 | 0 |
| ,, 30 | കാശിക്ക് | 0 | 2 | 6 |
| ,, 31 | ക്രിസ്തുമസ് സന്ദേശം | 0 | 3 | 0 |
| ,, 32 | പ്രജാധിപത്യവും സമാധാനവും | 0 | 2 | 0 |
| ,, 33 | ബേത്ലഹം(കഥാപ്രസംഗം) | 0 | 3 | 0 |
| ,, 34 | മിന്നാമിനുങ്ങ് | 0 | 2 | 6 |
| ,, 35 | കണ്ണുനീർ (കഥാപ്രസംഗം) | 0 | 2 | 6 |
| ,, 36 | മര്യാദ | 0 | 3 | 0 |
| ,, 37 | നമ്മുടെ ഭാവി | 0 | 2 | 6 |
| ,, 38 | ഫ്രാൻസീസും, ക്ലാരയും | 0 | 2 | 6 |
| ,, 39 | സഖാക്കൾ | 0 | 4 | 0 |
| ,, 40 | കഥാകാരൻ | 0 | 4 | 0 |
| ,, 41 | സങ്കല്പസാമ്രാജ്യം | 0 | 4 | 0 |
| ,, 42 | അനുഭവങ്ങൾ | 0 | 4 | 0 |

സൂപ്രണ്ട്,
സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം.

H 111/185

# അനുഭവങ്ങൾ

42



## ജെറോം

Indic Digital Archive Foundation
gpura.org